മാറാരോഗികൾ എന്നിവരെ ഉദ്ദേശിച്ചുകൊണ്ടും തൃശ്ശൂർ ജില്ലയിലെ കുടുംബശ്രീ സി.ഡി.എസ്സുകളുടെ നേതൃത്വത്തിൽ നടപ്പിലാക്കിയിരുന്ന പരിപാടിയാണ് കാരുണ്യശ്രീ. കുടുംബശ്രീ സി.ഡി.എസ്സുകൾ അവരുടെ പ്രതിവാര ത്രിഫ്റ്റ് സംഖ്യയോടൊപ്പം കുറഞ്ഞത് 1 രൂപ നിരക്കിൽ ശേഖരിച്ചാണ് ഇതിനുള്ള ഫണ്ട് കണ്ടെത്തിയിരുന്നത്. ഇത് കുടുംബശ്രീ മിഷൻ നേരിട്ട് നടത്തുന്ന പദ്ധതിയല്ല.

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ എൽ.എ.സി എ.ഡി.എസ്.-ൽ ഉൾപ്പെടുന്ന പ്രവൃത്തികൾ

265 (1638) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് ആറ്റിങ്ങൽ നിയമസഭാ മണ്ഡലമുൾപ്പെടുന്ന പ്രദേശത്ത് 2013-14, 2014-15, 2015-16 വർഷങ്ങളിൽ ഏതെല്ലാം പ്രവൃത്തികൾ നടപ്പിൽവരുത്തുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് റോഡുകൾ, കെട്ടിടങ്ങൾ, പാലങ്ങൾ, മറ്റ് പ്രവൃത്തികൾ എന്നിവ തിരിച്ച് വിശദമാക്കാമോ ;

(ബി) ഓരോ പ്രവൃത്തിയും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിൽ 2013-14, 2014-15, 2015-16 വർഷത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

പ്ലാൻഫണ്ട് ചെലവ്

266 (1639) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പ്ലാൻഫണ്ട് ചെലവ് മുൻ വർഷങ്ങളെ അപേക്ഷിച്ച് ഗണ്യമായി കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) യഥാസമയം പ്ലാൻഫണ്ട് അനുവദിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്ലാൻ ഫണ്ട് ചെലവ് മുൻവർഷങ്ങളെ അപേക്ഷിച്ച് വർദ്ധിപ്പിച്ചിട്ടുണ്ട്.

ആസൂത്രണ ബോർഡിന്റെ കണക്കുകൾ പ്രകാരം ഈ സർക്കാർ അധികാരമേറ്റതിനുശേഷമുള്ള പ്ലാൻ ഫണ്ട് ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

വർഷം	ചെലവഴിച്ച തുക (കോടി)
2011-2012	11759
2012-2013	12232
2013-2014	13775
2014-2015	14251

(ബി) യഥാസമയം പ്ലാൻഫണ്ട് അനുവദിക്കാതിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പാലിയേറ്റീവ് കെയർ സംവിധാനം

267 (1640) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

പാലിയേറ്റീവ് കെയർ സംവിധാനം കാര്യക്ഷമമായ രീതിയിൽ നടത്തുന്ന പഞ്ചായത്തുകൾക്ക് പ്രത്യേക ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ടോ ; കാസർഗോഡ് ജില്ലയിൽ പാലിയേറ്റീവ് കെയർ സംവിധാനം കാര്യക്ഷമമായി നടത്തിവരുന്നതു ഏതെല്ലാം പഞ്ചായത്തുകളാണെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly